**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്ത് - 2009-10 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 2581/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 21/10/2013

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 30/03/2013-ലെ എം3-8348/13 നമ്പർ കത്ത്.

2) 21/08/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പിറ്റി3/9293/13 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 പ്രകാരം, വീടുകൾക്ക് മേൽക്കൂര മാറ്റൽ എന്ന പ്രോജക്ടിൽ 7,05,000/- രൂപയുടെ സബ്സിഡി പണമായി അനുവദിച്ചത് നിലവിലുള്ള ഉത്തരവിന് വിരുദ്ധമായതിനാൽ പ്രസ്തുത ചെലവ് ഓഡിറ്റ് നിരാകരിച്ചിരുന്നു.

ഉദയഗിരി ഗ്രാമപഞ്ചായത്തിൽ 2009-10 വർഷത്തിൽ ഭവന പുനരുദ്ധാരണം എന്ന പ്രോജക്ടിൽ പണി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് എൽ.എസ്.ജി.ഡി ഓവർസിയറുടെ വാല്യുവേഷൻ പ്രകാരം 30,000/-ൽ കൂടുതൽ തുകയുടെ പ്രവൃത്തി നടത്തിയവർക്ക് മാത്രമാണ് 15,000/- രൂപ അനുവദിച്ചതെന്നും തുക ദുരുപയോഗം ചെയ്തിട്ടില്ലെന്നുമുള്ള പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷ പരിശോധിച്ച് മേൽത്തുക യഥാർത്ഥമായ ചെലവ് തുക ആണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ടി ചെലവിന് സാധൂകരണം നൽകണമെന്ന 09/08/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 107/2012(2) നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് മോണിറ്ററിംഗ് സമിതി യോഗവും പ്രസ്തുത ചെലവിന് സാധൂകരണത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, വീട് മേൽക്കൂര മാറ്റൽ എന്ന പ്രോജക്ടിൽ, മേൽക്കൂര മാറ്റൽ പ്രവൃത്തിയോടൊപ്പം മറ്റ് പുനരുദ്ധാരണ പ്രവൃത്തികൾ കൂടി നടത്തുകയും എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം 30,000/- രൂപയ്ക്ക് മേൽ ചെലവ് ചെയ്തിട്ടുള്ളവർക്ക് മാത്രമേ 15,000/- രൂപ അനുവദിച്ചിട്ടുള്ളൂ എന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി, പഞ്ചായത്ത് ഭരണസമിതി തീരുമാനം, ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ പരിഗണിച്ച് ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 -ലെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ

ഉദയഗിരി ഗ്രാമമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8-ൽ തടസ്സപ്പെടുത്തിയ 7,05,000/- (ഏഴ് ലക്ഷത്തി അയ്യായിരം രൂപ മാത്രം) രൂപ ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ഉദയഗിരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ